**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 134** | **20-06-2024 - ൽ മറുപടിയ്ക്ക്**

**കേര കർഷകർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളികേര വിലയിടിവ് കാരണം കേര കർഷകർ പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കർഷക താത്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് തടയുവാനും സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14.01.2022-ലെ സ.ഉ.(കൈ)നം.3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. നാളികേര സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡ് നേരിട്ടും കേരഫെഡ് വിവിധ സഹകരണ സംഘങ്ങൾ/ എഫ്.പി.ഒ.കൾ/ മറ്റ് ഏജൻസികൾ മുഖേനയും വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ) മുഖേനയും, കേരള നാളികേര വികസന കോർപ്പറേഷൻ മുഖേനയും പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. നിലവിൽ 136 സംഭരണ കേന്ദ്രങ്ങൾ വഴി പച്ചത്തേങ്ങ സംഭരിച്ച് വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 30.05.2024 വരെ കേരഫെഡ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയുമായി കർഷകരിൽ നിന്നും 735മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് പച്ചത്തേങ്ങയുടെ സംഭരണവില 32 രൂപയായിരുന്നത് 2023 ഏപ്രിൽ ഒന്നു മുതൽ 34 രൂപയായി ഉയർത്തിയിട്ടുണ്ട്. തേങ്ങയുടെ ഉല്പാദന ചെലവും ഉല്പാദനവും കണക്കാക്കിയാണ് സംഭരണവില/തറവില നിശ്ചയിക്കുന്നത്. കേന്ദ്ര സർക്കാർ 2023 സീസണിലെ തേങ്ങയുടെ താങ്ങുവില 30.132 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 3.868 രൂപ അധികം |

| | | | |
|---|---|---|---|
| | | | നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.<br><br>ഒരു വർഷം ഒരു തെങ്ങിൽ നിന്നും സംഭരിക്കാവുന്ന തേങ്ങയുടെ പരമാവധി എണ്ണം 50ൽ നിന്നും 70 ആയി പുനർ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉല്പാദനക്ഷമത 70ൽ അധികമുള്ള മേഖലകൾ കണ്ടെത്തുന്നതിന് കാർഷിക ഗവേഷണ സ്ഥാപനങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി വിദഗ്ദ സമിതി രൂപീകരിക്കുന്നതിന് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.<br><br>പ്രൈസ് സപ്പോർട്ട് സ്കീം (പി.എസ്.എസ്) -2024 പദ്ധതി പ്രകാരം പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നാഫെഡിന് കൈമാറുവാൻ വി.എഫ്.പി.സി.കെയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാർക്കറ്റ്ഫെഡ്, സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നീ ഏജൻസികളെയും ഇക്കാര്യത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 286 മെട്രിക് ടൺ പച്ചത്തേങ്ങ വി.എഫ്.പി.സി.കെ സംഭരിച്ചിട്ടുണ്ട്.<br><br>നാഫെഡ് മുഖേനയുള്ള മില്ലിംഗ്/ഉണ്ടകൊപ്ര സംഭരണ പദ്ധതിയും സംസ്ഥാനം ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. കേരളത്തിലെ കർഷകർ പച്ചത്തേങ്ങ കൊപ്രയാക്കി നൽകുന്നതിനേക്കാൾ പച്ചത്തേങ്ങ തന്നെ വിപണിയിലെത്തി ക്കുവാനാണ് താല്പര്യം കാട്ടുന്നത്. അതിനാൽ കർഷകരുടെ പക്കൽ നിന്ന് പച്ചത്തേങ്ങ സംഭരിച്ച് ഏജൻസികൾ മുഖേന കൊപ്രയാക്കി നാഫെഡിന് നൽകുന്നതിന് സംസ്ഥാനം പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | കർഷക താത്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് തടയുവാനും സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14.01.2022-ലെ സ.ഉ.(കൈ)നം.3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. നാളികേര സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡ് നേരിട്ടും കേരഫെഡ് വിവിധ സഹകരണ സംഘങ്ങൾ/ എഫ്.പി.ഒ.കൾ/ മറ്റ് ഏജൻസികൾ |

മുഖേനയും വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ) മുഖേനയും, കേരള നാളികേര വികസന കോർപ്പറേഷൻ മുഖേനയും പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. നിലവിൽ 136 സംഭരണ കേന്ദ്രങ്ങൾ വഴി പച്ചത്തേങ്ങ സംഭരിച്ചു വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 30.05.2024 വരെ കേരഫെഡ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയുമായി കർഷകരിൽ നിന്നും 735മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പച്ചത്തേങ്ങയുടെ സംഭരണവില 32 രൂപയായിരുന്നത് 2023 ഏപ്രിൽ ഒന്നു മുതൽ 34 രൂപയായി ഉയർത്തിയിട്ടുണ്ട്. തേങ്ങയുടെ ഉല്പാദന ചെലവും ഉല്പാദനവും കണക്കാക്കിയാണ് സംഭരണവില/തറവില നിശ്ചയിക്കുന്നത്. കേന്ദ്ര സർക്കാർ 2023 സീസണിലെ തേങ്ങയുടെ താങ്ങുവില 30.132 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 3.868 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

ഒരു വർഷം ഒരു തെങ്ങിൽ നിന്നും സംഭരിക്കാവുന്ന തേങ്ങയുടെ പരമാവധി എണ്ണം 50ൽ നിന്നും 70 ആയി പുനർ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉല്പാദനക്ഷമത 70ൽ അധികമുള്ള മേഖലകൾ കണ്ടെത്തുന്നതിന് കാർഷിക ഗവേഷണ സ്ഥാപനങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി വിദഗ്ദ സമിതി രൂപീകരിക്കുന്നതിന് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

പ്രൈസ് സപ്പോർട്ട് സ്കീം (പി.എസ്.എസ്) -2024 പദ്ധതി പ്രകാരം പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നാഫെഡിന് കൈമാറുവാൻ വി.എഫ്.പി.സി.കെയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാർക്കറ്റ്ഫെഡ്, സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നീ ഏജൻസികളെയും ഇക്കാര്യത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 286 മെട്രിക് ടൺ പച്ചത്തേങ്ങ വി.എഫ്.പി.സി.കെ സംഭരിച്ചിട്ടുണ്ട്.

നാഫെഡ് മുഖേനയുള്ള മില്ലിംഗ്/ഉണ്ടകൊപ്ര സംഭരണ പദ്ധതിയും സംസ്ഥാനം ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. കേരളത്തിലെ കർഷകർ പച്ചത്തേങ്ങ കൊപ്രയാക്കി നൽകുന്നതിനേക്കാൾ പച്ചത്തേങ്ങ തന്നെ വിപണിയിലെത്തി ക്കുവാനാണ്

| | | | |
|---|---|---|---|
| | | | താല്പര്യം കാട്ടുന്നത്. അതിനാൽ കർഷകരുടെ പക്കൽ നിന്ന് പച്ചത്തേങ്ങ സംഭരിച്ച് ഏജൻസികൾ മുഖേന കൊപ്രയാക്കി നാഫെഡിന് നൽകുന്നതിന് സംസ്ഥാനം പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. |
| (സി) | നാളികേര സംഭരണത്തിനായി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാന തല ഏജൻസിയായി കേരഫെഡിനെയാണ് നിയമിച്ചിട്ടുള്ളത്. കൂടാതെ പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നാഫെഡിന് കൈമാറുവാനുള്ള ഏജൻസിയായി വി.എഫ്.പി.സി.കെ, മാർക്കറ്റ്ഫെഡ് , സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേര സംഭരണത്തിനായി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആവശ്യമെങ്കിൽ നിയമസഭാ സാമാജികരുമായി ആലോചിച്ച് നടപടി കൈക്കൊള്ളുവാൻ ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ